# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
## ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 14/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരെ,

2010 ആഗസ്റ്റ് മാസം 15-ാം തീയതി മുതൽ 2023 സെപ്റ്റംബർ 14-ാം തീയതി വരെയുള്ള കാലയളവിൽ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിങ്ങളെ നയിച്ച് ഭരിക്കുവാൻ ദൈവനിയോഗമുണ്ടായി. ബലഹീനനായ നമ്മെ മെത്രാപ്പോലീത്താസ്ഥാനത്തേയ്ക്കുയർത്തിയ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മെ ആ സ്ഥാനത്തേയ്ക്ക് ഉയർത്തിയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായെയും സഹകാർമ്മികരായി സംബന്ധിച്ച സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരെയും വന്ദ്യ വൈദീകരെയും വിശ്വാസസമൂഹത്തെയും പ്രാർത്ഥനയിൽ ഓർക്കുന്നു. പരിശുദ്ധ സഭയുടെ വർക്കിംഗ് കമ്മിറ്റിയുടെയും മാനേജിംഗ് കമ്മിറ്റിയുടെയും ആലോചനയോടും പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശത്തോടും പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാതിരുമേനി ബലഹീനനായ നമ്മെ ബാംഗ്ലൂരിന്റെ മെത്രാപ്പോലീത്തയായി കല്പന നൽകി നിയമിച്ചു. അദ്ദേഹത്തിന്റെ ഭരണകാലഘട്ടത്തിനുശേഷം പരിശുദ്ധ സഭയെ നയിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ ബലഹീനനായ നമുക്ക് നൽകിയ സ്നേഹവും കരുതലും പിന്തുണയും മറക്കാൻ കഴിയില്ല. ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റതുമുതൽ നമ്മോടൊപ്പം പ്രവൃത്തിച്ച ഭദ്രാസന സെക്രട്ടറിമാരായ വന്ദ്യ റ്റി.കെ. തോമസ് കോർ-എപ്പിസ്കോപ്പ, വന്ദ്യ പി.സി. ഫിലിപ്പ് കോർ-എപ്പിസ്കോപ്പ, വന്ദ്യ സന്തോഷ് ശാമുവേൽ അച്ചൻ, ഇപ്പോൾ പ്രവർത്തിക്കുന്ന വന്ദ്യ സ്കറിയാ മാത്യു അച്ചൻ എന്നിവരോടും അതതുകാലത്തെ ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ആദ്ധ്യാത്മിക സംഘടനാ ചുതലക്കാർ, മറ്റ് മിഷൻ സെന്റർ ഡയറക്ടേഴ്സ്, അതതു സ്ഥാപനങ്ങളുടെ കമ്മിറ്റി അംഗങ്ങൾ, അതതു കാലങ്ങളിലെ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, എന്റെ പേഴ്സണൽ സെക്രട്ടറിയായി എന്നെ സഹായിച്ച ജോസഫ് ചീരൻ അവർകൾ, ഓഫീസ് സെക്രട്ടറി ബഹുമാനപ്പെട്ട തോമസ് ഏബ്രഹാം (ഷിനു), ഓഫീസ് സ്റ്റാഫ് അംഗങ്ങൾ, അരമന മാനേജർമാരായ വന്ദ്യ വൈദികർ, അരമന അന്തേവാസികൾ എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ വന്ദ്യ വൈദികരുടെ സ്നേഹവും കരുതലും ഭദ്രാസനത്തിന്റെ വളർച്ചയിൽ അവരുടെ നേതൃത്വവും വിസ്മരിക്കുവാൻ കഴിയില്ല. പ്രത്യേകിച്ചും ബലഹീനനായ നമ്മുടെ കൈയ്യാൽ പട്ടമേറ്റ വൈദീകരെ ജീവിതവിശുദ്ധിയാൽ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Contd...2*

വീണ്ടും പ്രിയരെ, നിങ്ങളുടെ ഏവരുടെയും ഇടയനായി ഇരുന്ന് നിങ്ങളെ ശുശ്രൂഷിക്കുവാൻ ലഭിച്ച ഭാഗ്യത്തെയോർത്ത് നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. നിങ്ങളേവരും നമുക്ക് പ്രിയപ്പെട്ട ആത്മീകമക്കളായി വർത്തിച്ച് നമ്മോടൊപ്പം ഒരു മനസ്സോടെ നിന്ന് പ്രവർത്തിച്ചതിനാലാണ് നമ്മുടെ ബാംഗ്ലൂർ ഭദ്രാസനത്തിന് ഈ വളർച്ച സാദ്ധ്യമായത്. പരിശുദ്ധ ബാവാതിരുമേനിയുടെ No: MOSC/CMM/239/2023 കല്പനപ്രകാരം നാം ബാംഗ്ലൂർ ഭദ്രാസന ചുമതലയിൽ നിന്നും 2023 സെപ്റ്റംബർ 27-ാം തീയതി മുതൽ വിടുർത്തപ്പെട്ടിരിക്കുന്നു. സഭാ ഭരണഘടനപ്രകാരം ബാംഗ്ലൂർ ഭദ്രാസനം പരിശുദ്ധ ബാവാതിരുമേനി ഏറ്റെടുത്ത് അദ്ദേഹത്തിന്റെ സഹായമെത്രാപ്പോലീത്തയായി അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ നിയമിച്ചിട്ടുണ്ട്. പരിശുദ്ധ ബാവാതിരുമേനിക്കും പ്രത്യേകാൽ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും നിങ്ങൾ പ്രാർത്ഥനാപൂർവ്വമായ സഹകരണവും പിന്തുണയും നൽകണം. നമ്മുടെ ഭദ്രാസന ശുശ്രൂഷാകാലത്ത് വന്ദ്യവൈദീകരെയോ വിശ്വാസികളെയോ ഏതെങ്കിലും വിധത്തിൽ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ നിങ്ങളേവരും സദയം നമ്മോട് ക്ഷമിക്കണം. തുടർന്നും നിങ്ങളേവരും ബലഹീനനായ നമ്മെ പ്രാർത്ഥനയിൽ ഓർക്കണം. നിങ്ങളെ നാമും പ്രാർത്ഥനയിൽ ഓർക്കുന്നതാണ്. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 സെപ്റ്റംബർ മാസം 28-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും